


# പെന്തക്കുസ്താ തിരുനാൾ

(യോഹ. 16:5 – 15) Vol. 10, Issue: 58

ബ്ര. ബിനു കുളങ്ങര MCBS

**ആ**ഗോള കത്തോലിക്കാ സഭ ഇന്ന് പെന്തക്കുസ്താ തിരുനാളിന്റെ ആത്മീയ അനുസ്മരണത്തിലാണ്. 'അവസാന നാളുകളിൽ എല്ലാ മനുഷ്യരുടെയുംമേൽ എന്റെ ആത്മാവിനെ ഞാൻ അയയ്ക്കും' എന്ന ജോയേൽ പ്രവാചകന്റെ സവിശേഷമായ പ്രഖ്യാപനത്തിന്റെ പരസ്യമായ പൂർത്തീകരണമായിരുന്നു സെഹിയോൻ ശാലയിൽ പരിശുദ്ധ അമ്മയുടെയും ശ്ലീഹന്മാരുടെയുംമേൽ പരിശുദ്ധാത്മാവ് വന്നു വസിച്ചതിലൂടെ പൂർത്തിയാക്കപ്പെട്ടത്. അതുപോലെ തന്നെ ഇന്ന് നാം പെന്തക്കുസ്താ തിരുനാൾ ആഘോഷിക്കുമ്പോൾ, ദൈവം മാനവരാശിയുടെ ചരിത്രത്തിൽ തന്റെ രക്ഷാസൗധമായ തിരുസഭയെ ഉദ്ഘാടനം ചെയ്ത ദിനമാണ് ഇന്ന്. എളിയ തുടക്കം എന്നു നാം കരുതുന്നവയായിരിക്കും പലപ്പോഴും ദൈവീകപദ്ധതിയിലെ വലിയ പ്രവർത്തനങ്ങൾ. ചന്ദ്രനിൽ ആദ്യമായി കാലു കുത്തിയ നീൽ ആം സ്ട്രോങ്, ഒരിക്കൽ തന്റെ ചന്ദ്രദൗത്യത്തപ്പറ്റി ഇപ്രകാരം പറഞ്ഞു: One small step for a man but one giant leap for humanity. പ്രത്യക്ഷത്തിൽ, പെന്തക്കുസ്തായും ഒരു ചെറിയ ചുവടുവയ്പ്പു മാത്രമായിരുന്നു. എന്നാലത്, വലിയ തുടക്കം തന്നെയായിരുന്നുവെന്ന് തിരുസഭാ ചരിത്രം സാക്ഷ്യപ്പെടുത്തുന്നു.

പെന്തക്കുസ്താ എന്ന വാക്കിന്റെ അർത്ഥം 'അമ്പതാം ദിനം' എന്നാണ്. പഴയനിയമത്തിൽ പെസഹാ തിരുനാൾ കഴിഞ്ഞു വരുന്ന അമ്പതാം ദിവസമാണ് പെന്തക്കുസ്താ തിരുനാൾ. പുറപ്പാട് ഗ്രന്ഥത്തിൽ 23:14–17 ൽ പ്രതിപാദിക്കുന്ന മൂന്നു മഹോത്സവങ്ങളിൽ ഒന്നാണിത്. ഇതിനെ പുത്തരി പെരുന്നാൾ എന്നും വാരോത്സവം എന്നും സൂചിപ്പിക്കുന്നുണ്ട്. പിൽക്കാലത്ത് ഇത് ഉടമ്പടിയുടെ സ്വീകരണത്തിരുനാളായി ഇസ്രായേൽ ജനം ആചരിച്ചുപോന്നു.

ഈജിപ്തിൽ നിന്നുള്ള പുറപ്പാടിനുശേഷം അമ്പതാം ദിനത്തിൽ ഉടമ്പടി പൂർത്തീകരിക്കപ്പെടുന്നതിനെയാണ് ഇത് സൂചിപ്പിക്കുന്നത്. ഉടമ്പടിയുടെ വാർഷികദിനമായി ഇത് ആഘോഷിക്കപ്പെട്ടുപോന്നു. എന്നാൽ ഇന്ന്, പെന്തക്കുസ്താ തിരുനാളിൽ യേശു, തന്റെ വാഗ്ദാനമായ പരിശുദ്ധാത്മാവിനെ തന്റെ ഉയിർപ്പിന്റെ അമ്പതാം നാൾ തന്റെ ശിഷ്യസമൂഹത്തിലേയ്ക്ക് വർഷിച്ചതിന്റെ മാധുര്യമുള്ള സ്മരണാദിനമാണ്. ഒരുപക്ഷേ, ഇന്നേ ദിവസം ഈ ലോകം മുഴുവനും കൊറോണ എന്ന മഹാമാരിയുടെ മുമ്പിൽ പ്രതീക്ഷകൾ അസ്തമിച്ച് ബലഹീനരായി നഷ്ടധൈര്യത്തോടെ ജീവിതം മുമ്പോട്ടു നയിക്കുകയായിരിക്കാം. ഒത്തിരി ജീവിതങ്ങൾ ഓരോ നിമിഷവും കൊഴിയുമ്പോഴും അനുദിന ജീവിതചര്യകൾ അന്യമാകുമ്പോഴും നാം ഇന്ന് ആഘോഷിക്കുന്ന പെന്തക്കുസ്താ വലിയ പ്രതീക്ഷയുടെ ആഘോഷമാണ്.

ഉൽപത്തി പുസ്തകത്തിൽ രൂപരഹിതമായ ഭൂമിയുടെമേൽ സഞ്ചരിച്ച് എല്ലാറ്റിനും രൂപവും ഭാവവും നൽകിയ പരിശുദ്ധാത്മാവിന് തീർച്ചയായും നമ്മുടെ ജീവിതത്തിനും ഈ ലോകത്തിലും മാറ്റങ്ങൾ കൊണ്ടുവരാനാകും. എസക്കിയേൽ പ്രവചനം 37-ാം അദ്ധ്യായത്തിൽ, അസ്ഥികളുടെ താഴ്‌വരയെ നോക്കി പ്രവാചകൻ പ്രവചിച്ചപ്പോൾ ആത്മാവ് വന്ന് ആ അസ്ഥികൾക്ക് ജീവൻ തുടിക്കുന്ന അനുഭവം നൽകുന്നതായി നാം കാണുന്നുണ്ട്. ഇവിടെ പരിശുദ്ധാത്മാവിന്റെ നിവേശനം സൃഷ്ടികർമ്മം പോലെ വലിയ രൂപാന്തരീകരണം നമ്മിൽ സാധ്യമാകുന്നുണ്ട് (പ്രിയമുള്ളവരെ, ഒരിക്കൽ എ.പി.ജെ. അബ്ദുൾ കലാം പറഞ്ഞു: ഏഴു വയസ്സുള്ള ഒരു കുട്ടിയെ എന്റെയടുത്തു കൊണ്ടുവരുവിൻ. ഞാൻ അവനെ ഇന്ത്യയുടെ ഏറ്റവും നല്ല പൗരനായി വാർത്തെടുക്കാം. കാരണം, ഏഴു വയസ്സുള്ള കുഞ്ഞിന്റെ മനഃസാക്ഷിയുടെ 95% രൂപപ്പെടുന്ന സമയമാണത്. ബാക്കി 5% മാത്രമാണ് പിന്നീടുള്ള പഠനത്തിലൂടെയും അനുഭവത്തിലൂടെയും രൂപാന്തരപ്പെടുകയാണ്.)

എന്നാൽ, ഒരു ക്രിസ്തീയ വിശ്വാസിയെ സംബന്ധിച്ചിടത്തോളം ജീവിതത്തിന്റെ ഏതു ഘട്ടത്തിലും 100% ജീവിത രൂപാന്തരീകരണം പരിശുദ്ധാത്മനിറവാൽ സാധ്യമാണ്. അതിന് ഉത്തമ ഉദാഹരണമാണ്, പെന്തക്കുസ്താ അനുഭവത്തിനുശേഷമുള്ള ശിഷ്യന്മാരുടെ ജീവിതസാക്ഷ്യം. യേശുവിന്റെ മരണവും വിയോഗവും സൃഷ്ടിച്ച ശൂന്യതയുടെയും ഭയത്തിന്റേതുമായ ആഴങ്ങളെ പെന്തക്കുസ്താ നാളിൽ സെഹിയോൻ ശാലയിൽ തീനാവായി വന്ന പരിശുദ്ധാഗ്നി കത്തിച്ച് ഇല്ലാതാക്കി ധൈര്യമുള്ള ക്രിസ്തുവിന്റെ പുതുസാക്ഷികളായി അവരെ വാർത്തെടുക്കുന്നു. ഇന്ന് നാം വായിച്ചുകേട്ട അപ്പ. പ്രവ. 2:1-13 ശിഷ്യന്മാരുടെ പെന്തക്കുസ്താ അനുഭവവും അതിനുശേഷമുള്ള ആദ്യപ്രഘോഷണവും വിവരിക്കുന്ന സുവിശേഷഭാഗമാണ്.

ആയതിനാൽ, കൊറോണയിൽ തകരുന്ന ലോകത്തെ വീണ്ടും പ്രത്യാശയുടെ, സമാധാനത്തിന്റെ പച്ചത്തകിടിയിലേയ്ക്ക് തിരിച്ചു കൊണ്ടുവരാൻ നിത്യജീവന്റെ അരുവിയായ പരിശുദ്ധാത്മാവിനു തീർച്ചയായും സാധിക്കും. അതിനായി നമുക്കോരോരുത്തർക്കും നമ്മുടെ ജീവിതങ്ങളെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾക്കായി വിട്ടുകൊടുക്കാം. നാം ആയിരിക്കുന്ന ഈ ബലിവേദിയിൽ നമ്മുടെ ജീവിതങ്ങളെ നമുക്ക് ഭരമേൽപിക്കാം. വിശുദ്ധ കുർബാന സ്വീകരിക്കുമ്പോൾ പരിശുദ്ധാത്മാവ് നമ്മിൽ വന്ന് ശക്തമായി നിറയുന്നെന്ന ഉറച്ച ബോധ്യത്തോടെ ആത്മാവിൽ പ്രാർത്ഥിച്ച് ദാഹിച്ച് നമുക്കായിരിക്കാം.